# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കോളേജ്, വെള്ളായണി

നം. ഇ.എസ് (1)/17993/2023

തീയതി : 21/02/2024

**പത്രക്കുറിപ്പ്**

വെള്ളായണി കാർഷിക കോളേജിലെ സോയിൽ സയൻസ് & അഗ്രികൾച്ചറൽ കെമിസ്ട്രി വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് പ്രൊഫസറെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. പ്രതിമാസം പരമാവധി വേതനം 44,100/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. കരാർ അടിസ്ഥാനത്തിൽ ഒരുവർഷത്തേക്കോ, സ്ഥിരനിയമനം നടത്തുന്നതുവരെയോ ഉള്ള കാലയളവിലേക്കാണ് നിയമനം. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദവും, പി.എച്ച്.ഡി / നെറ്റ് യോഗ്യതയും ഉള്ള ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസയോഗ്യത, പ്രവർത്തി പരിചയം എന്നിവയുടെ അസ്സൽ സർട്ടിഫിക്കറ്റുകളും, അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം തിരുവനന്തപുരത്തുള്ള വെള്ളായണി കാർഷിക കോളേജ്, ഡീൻ ഓഫ് ഫാക്കൽറ്റിയുടെ ഓഫീസിൽ 05/03/2024- ന് രാവിലെ 10.00 മണിക്ക് ഹാജരാകേണ്ടതാണ്. നെറ്റ് യോഗ്യതയുള്ളവരുടെ അഭാവത്തിൽ നെറ്റ് യോഗ്യതയില്ലാത്തവരെയും പരിഗണിക്കുന്നതാണ്. വിശദാംശങ്ങൾ www.kau.in - എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

26/2/24

ഡോ. റോയ് സ്റ്റീഫൻ
ഡീൻ ഓഫ് ഫാക്കൽറ്റി

AS 17/02/2024

# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കോളേജ്, വെള്ളായണി

നം. ഇ.എസ് (1)/17993/2023.

തീയതി : 21/02/2024

### വിജ്ഞാപനം

വെള്ളായണി കാർഷിക കോളേജിലെ സോയിൽ സയൻസ് & അഗ്രികൾച്ചറൽ കെമിസ്ട്രി വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് പ്രൊഫസറെ നിയമിക്കുന്നതിന് തിരുവനന്തപുരത്തുള്ള കാർഷിക കോളേജ്, വെള്ളായണിയിൽ വച്ച് 05/03/2024-ന് രാവിലെ 10.00 മണിക്ക് യൂണിവേഴ്സിറ്റി ചട്ടങ്ങൾക്കനുസൃതമായി ബന്ധപ്പെട്ട വിഷയത്തിൽ വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിഭാഗം | എണ്ണം | യോഗ്യതകൾ | | ശമ്പളം |
|---|---|---|---|---|---|
| | | | അടിസ്ഥാന യോഗ്യത | അഭിലഷണീയ യോഗ്യത | |
| 1 | സോയിൽ സയൻസ് & അഗ്രികൾച്ചറൽ കെമിസ്ട്രി (കരാർ) | 1 | M.Sc സോയിൽ സയൻസ് + NET | Ph.D സോയിൽ സയൻസ് ഒരു വർഷത്തിൽ കുറയാതെ അദ്ധ്യാപക പ്രവർത്തി പരിചയം | 44,100/- |

താൽപര്യമുള്ളവർ വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, വയസ്സ്, ജാതി തുടങ്ങിയവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ, അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതം അഭിമുഖത്തിന് രാവിലെ 10.00 മണിക്ക് കാർഷിക കോളേജ്, വെള്ളായണി ഡീനിന്റെ ഓഫീസിൽ എത്തിച്ചേരേണ്ടതാണ്.

### വ്യവസ്ഥകളും നിബന്ധനകളും

- നിയമനരീതി : നിയമനം പൂർണ്ണമായും താല്ക്കാലികവും കരാർ അടിസ്ഥാനത്തിലും ആയിരിക്കും. ഒരു വർഷത്തേക്കോ, സ്ഥിരം നിയമനം/സ്ഥലംമാറ്റം മുഖേന ഒഴിവ് നികത്തൽ നടത്തുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ ആയിരിക്കും. കരാർ കാലാവധി അവസാനിച്ചതിനുശേഷം പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

- വയസ്സ് 01/12/2024-ന് പരമാവധി 40 വയസ്സ് പൂർത്തിയാകാൻ പാടുള്ളതല്ല. യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് നിലവിലുള്ള സർക്കാർ ചട്ടങ്ങൾക്കനുസരിച്ച് പ്രായപരിധിയിൽ ഇളവ് ലഭിക്കുന്നതാണ്.
- നെറ്റ് യോഗ്യതയുള്ള ഉദ്യോഗാർത്ഥിയുടെ അഭാവത്തിൽ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്ത ബിരുദമുള്ളവരെയും പരിഗണിക്കും.
- അഭിമുഖത്തിൽ പങ്കെടുക്കുന്നതിന് TA/DA നൽകുന്നതല്ല.
- ശമ്പളം : പ്രതിമാസ പ്രതിഫലം 44,100/- രൂപ (നാൽപ്പത്തിനാലായിരത്തി ഒരുന്നൂറ് രൂപ മാത്രം) മൊത്തം തുകയായി നിശ്ചയിച്ചിരിക്കുന്നു. വേതനം ലഭിക്കുന്നതല്ലാതെ മറ്റൊരു അവകാശവും ടി വ്യക്തിക്ക് സർവ്വകലാശാലയിൽ ഉണ്ടായിരിക്കുന്നതല്ല.
- ഒരു പ്രത്യേക വിഷയത്തിൽ അഭിമുഖത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണം 25 -ൽ കൂടുതൽ ആണെങ്കിൽ അഭിമുഖം ആരംഭിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട വിഷയത്തിൽ ഒരു എഴുത്ത് പരീക്ഷ നടത്തുന്നതായിരിക്കും.
- തെരഞ്ഞെടുക്കപ്പെടുന്നയാൾ KAU Act/Statute അനുസരിച്ച് ആ തസ്തികയിൽ നിഷ്കർഷിച്ചിട്ടുള്ള ചുമതലകൾ എല്ലാം തന്നെ നിർവ്വഹിക്കേണ്ടതാണ്.
- കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന അസിസ്റ്റന്റ് പ്രൊഫസർ (കരാർ) കരാർ നിയമ വ്യവസ്ഥകൾ പ്രകാരമുള്ള ഉടമ്പടി നൽകേണ്ടതാണ്.

22/11/24

ഡോ. റോയ് സ്റ്റീഫൻ
ഡീൻ ഓഫ് ഫാക്കൽറ്റി

AS 17/02/2024